Volume: 2, Issue: 07

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഏപ്രിൽ 05 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

# വർഷക്കെടുതിയിൽ അയ്യൻകുന്ന്

**നയന എം നായർ**

അങ്ങാടിക്കടവ്: വെള്ളിയാഴ്ച്ച രാത്രിയുണ്ടായ ശക്തമായ കാറ്റിലും മഴയിലും തകർന്ന് അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങൾ. മണിക്കൂറുകളോളം തോരാതെ പെയ്ത മഴയിലും ശക്തമായ കാറ്റിലും കൃഷിനാശവും ഒട്ടനവധി മരങ്ങൾ ഒടിഞ്ഞു വീണ് വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകളും സംഭവിച്ചു. റോഡിൽ മരങ്ങൾ ഒടിഞ്ഞു വീണതിനാൽ ഗതാഗതത്തിനും വൈദ്യുതിക്കും തടസ്സങ്ങൾ നേരിട്ടു. പഞ്ചായത്തിൽ ഒട്ടാകെ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് ഉണ്ടായത്.

അങ്ങാടിക്കടവ്, പുന്നക്കുണ്ട്, പനക്കര പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചത്. കൃഷി നാശമാണ് ഏറെയും. റബ്ബർ, കശുമാവ്, തെങ്ങ്, വാഴ തുടങ്ങിയവ കൃഷി ചെയ്ത കർഷകരാണ് പേമാരിയിൽ ദുരിതത്തിലായത്. 'കാറ്റത്ത് മറിഞ്ഞ കശുമാവിൽ പലതും പൂർണമായും നശിച്ചു. റബ്ബർ മരങ്ങളും ഒടിഞ്ഞു വീണു. ഒരുപാട് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്'. അങ്ങാടിക്കടവ് നിവാസി ജിൽസ് വൈലാമണ്ണിൽ പറഞ്ഞു.



*നാശനഷ്ട്ടങ്ങൾ സംഭവിച്ച ഭവനങ്ങൾ സന്ദർശിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ*

ശക്തമായി വീശിയ കാറ്റിന്റെ പ്രഹരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ മേൽക്കൂരയും മറ്റു ഭാഗങ്ങളും ഭാഗീകമായി തകർന്നു. 'കനത്ത മഴയിൽ കോളേജ്, സമീപത്തെ കെട്ടിടങ്ങൾ, ഹോസ്റ്റൽ തുടങ്ങിയവയ്ക്ക് മൂന്ന് ലക്ഷത്തോളം രൂപയുടെ നാശ നഷ്ടങ്ങളാണ് ഉണ്ടായത്. ഡോൺ ബോസ്കോ കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. ജിമ്മി ജോസ് പറഞ്ഞു.

മരങ്ങൾ വീണ് വൈദ്യുതി വിച്ഛേദിക്കപ്പെട്ടതിനാൽ വീടുകൾക്കു പുറമേ ഭക്ഷണം പാകം ചെയ്യാനും സൂക്ഷിച്ചുവയ്ക്കാനും ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കുന്ന ഹോട്ടൽ ഉടമകളും വലഞ്ഞു. 'മരങ്ങൾ ഒടിഞ്ഞ് പതിനൊന്ന് വൈദ്യുതി തൂണുകൾ തകർന്നു. ഇത് അയ്യൻകുന്ന് പഞ്ചായത്തിനു കീഴിലുള്ള മിക്ക സ്ഥലങ്ങളിലും ഒരു ദിവസത്തോളം വൈദ്യുതി വിച്ഛേദിക്കപ്പെടാൻ കാരണമായി. അസിസ്റ്റന്റ് എൻജിനിയർ അടക്കമുള്ളവർ മൂന്ന് വിഭാഗമായി തിരിഞ്ഞാണ് വൈദ്യുതി പുനസ്ഥാപിക്കാൻ പ്രവർത്തിച്ചത്'. വള്ളിത്തോട് ഇലക്ട്രിസിറ്റി ഓഫീസ് ഗ്രേഡ് വൺ ലൈൻമാൻ സുഭാഷ് പറഞ്ഞു.

## ദുരിതാശ്വാസത്തിനായി എങ്ങനെ അപേക്ഷിക്കാം

'ഓൺലൈൻ വഴിയാണ് ഇപ്പോൾ കൃഷിനാശവുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കുന്നത്. അതിനായി ആദ്യം എയിംസ് (അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, ഭൂരേഖകൾ മുതലായവയുടെ വിശദാംശങ്ങൾ ഉപയോഗിച്ച് വേണം രജിസ്റ്റർ ചെയ്യാൻ. രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ഉപയോക്തൃ ഐഡിയും പാസ് വേഡും ലഭിക്കും. ഇതുപയോഗിച്ച് ലോഗിൻ ചെയ്യുക. കൃഷിനാശത്തിന്റെ സ്വഭാവമനുസരിച്ച് അപേക്ഷ നൽകാനുള്ള ഓപ്ഷനുകൾ പോർട്ടലിൽ ഉണ്ട്. അപേക്ഷ വയ്ക്കുന്നതോടൊപ്പം നാശനഷ്ടമുണ്ടായ കൃഷിയിടത്ത് കർഷകൻ നിൽക്കുന്ന ഫോട്ടോയും അപ്‌ലോഡ് ചെയ്യണം. സ്വന്തമായോ അക്ഷയ സെന്റർ വഴിയോ അപേക്ഷ സമർപ്പിക്കാം' - **ജിംസി മരിയ, അയ്യൻകുന്ന് പഞ്ചായത്ത് കൃഷി ഓഫീസർ.**

'വീട്, കിണർ, തൊഴുത്ത് തുടങ്ങിയവയ്ക്ക് നാശം സംഭവിച്ചാൽ നാശനഷ്ടം കാണിക്കുന്ന ഒന്നോ രണ്ടോ ഫോട്ടോ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷാഫോമിൽ അറ്റസ്റ്റ് ചെയ്ത് വില്ലേജ് ഓഫീസിലോ പഞ്ചായത്തിലോ സമർപ്പിക്കണം. അപേക്ഷാ ഫോം വില്ലേജ് ഓഫീസിലും ഓൺലൈനായും ലഭ്യമാണ്. ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് മുതലായവയുടെ കോപ്പിയും നികുതി അടച്ച രസീതും അപേക്ഷാ ഫോമിനൊപ്പം നൽകണം' -**ബിജു ജോൺ റ്റി, വില്ലേജ് അസിസ്റ്റന്റ്**

'വീടുകൾക്ക് കേടുപാടുകൾ വന്നും കൃഷിയിടങ്ങൾ നശിച്ചും ലക്ഷങ്ങളുടെ നഷ്ടമാണ് ആളുകൾക്ക് ഉണ്ടായിരിക്കുന്നത്. ഓൺലൈൻ വഴി അപേക്ഷ സ്വീകരിച്ച് ഫീൽഡ് പരിശോധന നടത്തിയതിനു ശേഷം സർക്കാർ അനുവദിക്കുന്ന തുക അർഹതപ്പെട്ടവർക്ക് നൽകും' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു

# പരാതി പരിഹാര അദാലത്ത് നടത്തി

**അനഘ കെ ടി**



*പരാതി പരിഹാര അദാലത്ത് കണ്ണൂർ റൂറൽ എസ് പി , പി ബി രാജീവ് ഉദ്ഘാടനം ചെയ്യുന്നു*

കരിക്കോട്ടക്കരി: ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ മലയോരമേഖലയിലെ പട്ടിക ജാതി പട്ടിക വർഗ വിഭാഗക്കാർക്കായി ജില്ലാ പോലീസ് മേധാവി പരാതി പരിഹാര അദാലത്ത് നടത്തി. കരിക്കോട്ടക്കരി പാരിഷ് ഹാളിൽ മാർച്ച് 30 ാം തീയ്യതി നടന്ന അദാലത്ത് കണ്ണൂർ ജില്ലാ പോലീസ് മേധാവി പി ബി രാജീവ് ( ഐ പി എസ് ) ഉദ്ഘാടനം ചെയ്തു.

അദാലത്തിനു മുൻപേ ജനമൈത്രി പോലീസ് അതത് വാർഡ് മെമ്പർമാരുടെ സഹായത്തോടുകൂടി കോളനി നിവാസികളെ നേരിൽ കണ്ടിരുന്നു. കുടിവെള്ള പ്രശ്നം, വൈദ്യുതി വിച്ഛേദം, പട്ടയം തുടങ്ങിയ നിരവധി പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള അപേക്ഷകൾ സ്വീകരിച്ച് കണ്ണൂർ റൂറൽ എസ് പി യുടെ മുൻപാകെ സമർപ്പിച്ചു.

ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ എസ് പി ബന്ധപ്പെട്ട ഡിപ്പാർട്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയും ദ്രുതഗതിയിൽ പരിഹാര മാർഗം കാണുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സ്വയം തൊഴിൽ സഹായം, വീട് നിർമ്മാണം, ചികിത്സ സഹായം, കുട്ടികൾക്ക് പഠനമുറി നിർമ്മാണം, കായിക വിനോദ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുതിനും അദാലത്തിൽ അപേക്ഷകൾ സ്വീകരിച്ചു. ഒരു ദിവസംകൊണ്ട് പരിഹരിക്കാൻ പറ്റാതിരുന്ന പരാതികൾക്ക് നമ്പർ നൽകി വേർതിരിച്ച് വിവിധ ഡിപ്പാർട്മെന്റിലേക്ക് അയച്ചു.

'പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരെയൊക്കെ സമീപിക്കണം എന്നറിയാത്ത കോളനി നിവാസികൾക്ക് അദാലത്ത് ഉപകാരപ്രദമായി. വിവിധ വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാനും ഇത് സഹായിച്ചു'. കരിക്കോട്ടക്കരി സീനിയർ സിവിൽ പോലീസ് ഓഫീസറും, ജനമൈത്രി ബീറ്റ് ഓഫീസറുമായ എ ബൈജു പറഞ്ഞു.

അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, കരിക്കോട്ടരി പോലീസ് ഇൻസ്‌പെക്ടർ പി ബി സജീവ്, ഇരിട്ടി ഡി വൈ എസ് പി പ്രദീപൻ കണ്ണിപ്പൊയിൽ, അയ്യൻകുന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബീന റോജസ്, മെമ്പർമാരായ സിബി വാഴക്കാല, എവൺ ജോസ്, രാജീവ് ഗാന്ധി കോളനി ഊരുമൂപ്പൻ കെ ശശി, എസ് ടി പ്രമോർട്ടർ സജിന രാജൻ, ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള നിരവധി ഉദ്യോഗസ്ഥരും കോളനി നിവാസികളും പങ്കെടുത്തു.

**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531**

# നികുതി വർദ്ധനവ് പ്രാബല്യത്തിൽ

**ശാനിബ ടി**

അങ്ങാടിക്കടവ്: പുതിയ സാമ്പത്തിക വർഷാരംഭത്തോടെ അയ്യൻകുന്ന് പഞ്ചായത്തിലെ വില്ലേജ് ഓഫീസുകളിൽ കേന്ദ്ര സംസ്ഥാന ബജറ്റുകൾ പ്രകാരമുള്ള നികുതി നിരക്ക് വർദ്ധനവ് പ്രാബല്യത്തിൽ വന്നു. ഭൂമി, വെള്ളം, വാഹനങ്ങൾ എന്നിവയുടെ നികുതിയാണ് വർദ്ധിച്ചിട്ടുള്ളത്. സംസ്ഥാനത്ത് മുൻസിപ്പാലിറ്റി, പഞ്ചായത്ത്, കോർപ്പറേഷൻ ലിമിറ്റുകളിലായി രണ്ട് സ്ലാബുകളായാണ് നികുതി നിരക്ക് വേർതിരിച്ചിട്ടുള്ളത്. അടിസ്ഥാന ഭൂനികുതി നിരക്ക് ഇരട്ടിയിലേറെയായി ഉയർത്തി. ഇതിലൂടെ ഏകദേശം 80 കോടി രൂപയുടെ അധിക വരുമാനം സർക്കാരിനുണ്ടാകുമെന്നാണ് പ്രതീക്ഷ.

പഞ്ചായത്ത് ഏരിയയിൽ ഇരുപത് സെന്റിന് താഴെ ഭൂമിയുള്ളവർക്ക് നിലവിലുണ്ടായിരുന്ന ഹെക്ടറിന് 250 രൂപ എന്ന നിരക്കിൽ നിന്ന് 500 ആയി വർദ്ധിപ്പിച്ചു. ഇരുപത് സെന്റ് മുതൽ പതിനഞ്ച് ഏക്കർ വരെ ഭൂസ്വത്ത് കൈവശമുള്ളവർക്ക് 500 രൂപയിൽ നിന്നും 800 ആയി കൂട്ടി. പത്ത് സെന്റിന് (405 sq.m) 25 രൂപയും ഇരുപത് സെന്റിന്(809 sq.m) 45 രൂപയുമാണ് വർദ്ധനവ്.

കേരളത്തിലൊട്ടാകെ മുൻസിപ്പാലിറ്റി ഏരിയയിൽ ആറ് സെന്റിന് താഴെ 1000 രൂപയും അതിൽ കൂടുതൽ ഭൂമിയുള്ളവർക്ക് 1500 രൂപയും, കോർപ്പറേഷൻ ലിമിറ്റിൽ നാല് സെൻിന് താഴെ 2000 രൂപയും അതിനു മുകളിൽ 3000 രൂപയുമാണ് പുതിയ നിരക്കുകൾ.

കുടിവെള്ള നികുതിയുടെ അടിസ്ഥാന നിരക്കും അഞ്ചുശതമാനമായി വർദ്ധിപ്പിച്ചു. 5000 ലിറ്റർ വരെ മിനിമം 22.05 രൂപയാണ് ഈടാക്കുന്നത്. ശേഷം ഉപയോഗിക്കുന്ന ഓരോ 1000 ലിറ്ററിനും നികുതി 4.41 രൂപയായി ഉയർത്തി.

ഭൂനികുതിക്കും വെള്ളക്കരത്തിനും പുറമേ വാഹന രജിസ്ട്രേഷൻ നിരക്കും, ഫിറ്റ്നസ്സ് നിരക്കുകളും ഉയർത്തിയിട്ടുണ്ട്. കേരളത്തിൽ പുതിയ വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ ഹരിത നികുതിയും ഇതോടൊപ്പം നിലവിൽ വന്നു.

'ഇന്ധന, പാചകവാത വിലക്കയറ്റങ്ങൾ സാധാരണ ജനങ്ങളെ വലിയതോതിൽ ബാധിച്ചിട്ടുണ്ട്. ഗാർഹിക, ഗാർഹികേതര, വ്യാവസായികാവശ്യങ്ങൾക്കുള്ള പാചകവാത വില കൂടിയതിന് പുറമേയാണ് കുടിവെള്ള നികുതിഭാരവും കൂട്ടിയിട്ടുള്ളത്. കൂടാതെ ഇന്ധന വിലയും ജനങ്ങളെ ദുരിതത്തിലാക്കുന്നു'. പ്രദേശവാസി ജോർജ് കാവനാടിയിൽ പറഞ്ഞു.

ഡിജിറ്റൽ ഭൂസർവ്വേ പദ്ധതി ഉൾപ്പടെ അത്യാധുനിക സാങ്കേതിക മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കി വരുകയാണ്. ദേശീയപാത വികസനം, മെട്രോ റെയിൽ പദ്ധതി, തുടങ്ങിയ അടിസ്ഥാന സൗകര്യ പദ്ധതികൾ സർക്കാർ ഏറ്റെടുത്തതിന്റെ ഫലമായി സമീപ പ്രദേശങ്ങളിൽ വിപണിമൂല്യം പലമടങ്ങ് വർദ്ധിച്ചു. അയ്യൻകുന്ന് പഞ്ചായത്തിലും വിപണിമൂല്യം ഉയർന്നിട്ടുണ്ട്. ന്യായവില അധികരിച്ചതോടെ ഭൂമി രജിസ്ട്രേഷൻ ചിലവുകളും ഉയരും.



## എഡിറ്റോറിയൽ

# ‘കുതിക്കുന്ന’ സർക്കാർ കിതക്കുന്ന ജനത

പ്രളയം... നിപ്പ വൈറസ്...കോവിഡ് മഹാമാരി... ജീവിത തടസ്സങ്ങൾ ഏറെയുണ്ടായിട്ടും അതിനെയെല്ലാം സധൈര്യം നേരിട്ടവരാണ് കേരളീയ ജനത.. ദുരന്തങ്ങൾക്കെല്ലാമൊടുവിൽ തങ്ങളുടെ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള സർക്കാരിന്റെ സേവനങ്ങൾക്കായി കാത്തിരുന്ന ജനങ്ങൾക്ക് നേരിടേണ്ടി വന്നത് നികുതി നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതിയ ബജറ്റിനെയാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ നിരവധി നികുതികളും ചാർജ്ജുകളും വർദ്ധിപ്പിച്ച് കൊണ്ട് അവതരിപ്പിച്ച പുതിയ ബജറ്റ് ഇതിനകം തന്നെ ശ്രദ്ധേയമായിക്കഴിഞ്ഞു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വെള്ളക്കരം, ഭൂനികുതി, ഭൂമിയുടെ ന്യായവില, വാഹന നികുതി തുടങ്ങിയ മേഖലകളിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. മാർച്ച് 11 ന് ധനകാര്യമന്ത്രി കെ എൻ ബാലഗോപാലാണ് നവകേരള നിർമ്മാണം എന്ന ആശയവുമായി മുൻപോട്ട് വന്നത്.

പുതിയ ബജറ്റ് നിർദ്ദേശം സംസ്ഥാനത്തിന്റെ വികസനത്തിലേക്കുള്ള ചുവടുവയ്പ്പായി കാണുന്ന സർക്കാരും വ്യവസായ സമൂഹവും, ഇത്തരത്തിലുള്ള പുത്തൻ ആശയങ്ങളുടെ ദുരിതം അനുഭവിക്കേണ്ടിവരുന്നത് സാധാരണക്കാരാണെന്ന യാഥാർത്ഥ്യം മറക്കുന്നു. കടക്കെണിയിൽ മുങ്ങി നിൽക്കുന്നവരും മറ്റു സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സാധാരണ ജനങ്ങളും നികുതി വർദ്ധനവിൽ അസ്വസ്ഥരാണെന്നതാണ് സത്യം. ഇന്ധനവില കുറയ്ക്കണമൊവശ്യപ്പെട്ട് നടത്തിയ പ്രതിഷേധങ്ങൾ ഗൗനിക്കാത്തതിന് പുറമേ പഞ്ചായത്ത് മുതൽ കോർപ്പറേഷൻ തലം വരെയുള്ള നികുതി വർദ്ധനവ് കേരളത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് കിട്ടിയ വലിയൊരു അടിയായി കണക്കാക്കാം. നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം സാധാരക്കാരെയും പ്രത്യേകിച്ച് ദരിദ്രാവസ്ഥയിൽ കഴിയുന്നവരെ വളരെയധികം ബുദ്ധിമുട്ടിലാക്കുന്നു. സിൽവർലൈൻ പദ്ധതി, വിവിധ ജില്ലകളിൽ ഐടി പാർക്ക് നിർമ്മാണങ്ങൾ, തുടങ്ങി ചെറുകിട ലഹരിപാനീയ നിർമ്മാണത്തിൽ വരെ ശ്രദ്ധ കേന്ദ്രീകരിച്ച സർക്കാർ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കുകയാണ്.

ദൈനംദിന ജീവിതത്തിനായി കൂലിപ്പണിയെ ആശ്രയിക്കുന്ന കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളെയും ഈ ബജറ്റ് ബാധിച്ചിട്ടുണ്ട്. ഏതൊരു നാടിന്റെയും വികസനവും, സമഗ്ര പുരോഗതിയും ജനങ്ങളുടെ നന്മയേയും ക്ഷേമത്തിനേയും ലക്ഷ്യമാക്കി കൊണ്ടായിരിക്കണം... ജനങ്ങളെ വെല്ലുവിളിച്ചു കൊണ്ടായിരിക്കരുത് സർക്കാരിന്റെ വികസനങ്ങളും മുന്നേറ്റങ്ങളും...

എഡിറ്റർ

# സല്യൂട്ട്! സെബാസ്റ്റ്യൻ സർ

**സെബിമോൾ കെ വർഗീസ്**



യാത്രാചിലവിനു പണം യാചിച്ചെത്തുന്ന രണ്ടുപേർ...പണിക്ക് പണം കൊടുക്കാമെന്നേറ്റ വയോധിക, മോഷണശ്രമത്തിനിടയിൽ കൊല്ലപ്പെടുന്നു... പരിഭ്രാന്തി പരത്തി പ്രതികൾ ഒളിവിൽ... ഒടുവിൽ പ്രതികളെ പോലീസ് പിടികൂടുന്നു. മാടത്തിൽ കൊലപാതകത്തിന്റെ ദുരൂഹതകൾ നീങ്ങുന്നു... ഭീതിയൊഴിഞ്ഞു നാട് ശാന്തമാകുന്നു. പോലീസിന്റെ കർമ്മനിരത വീണ്ടും പ്രശംസ നേടുന്നു. പ്രതികളെ പിടികൂടുന്നതിൽ ചുക്കാൻ പിടിച്ച പോലീസുകാരൻ അങ്ങാടിക്കടവുകാരനാണ്; റിട്ട. ട്രാഫിക്ക് എസ് ഐ പി വി സെബാസ്റ്റ്യൻ.

മുപ്പത്തൊന്നു കൊല്ലത്തെ പോലീസ് ജീവിതം, വിശിഷ്ടസേവാ മെഡൽ, വ്യത്യസ്തമായ കേസന്വേഷണങ്ങൾ, നാൽപ്പതിലധികം പുരസ്കാരങ്ങൾ, കവിതകൾ, ലേഖനങ്ങൾ. നിയമപരിപാലനവും ക്രമസമാധാനവും നിലനിർത്തിയ ഔദ്യോഗിക ജീവിതത്തിൽ നിന്നും ഓർത്തെടുക്കാൻ നിരവധിയാണ് സെബാസ്റ്റ്യൻ സാറിന്. 1972 ൽ കോൺസ്റ്റബിളായി തുടങ്ങി ഹെഡ് കോൺസ്റ്റബിൾ, എ എസ് ഐ, ട്രാഫിക്ക് പോലീസ് എസ് ഐ എന്നിങ്ങനെ വ്യത്യസ്ത പദവിയിലെ സ്തുത്യർഹസേവന കഥകൾ ഒരുപാട് പറയാനുണ്ട്.

പേരാവൂർ സ്റ്റേഷനിൽ തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ച് പെരിങ്ങോം, ഇരിട്ടി, ഉളിക്കൽ, ധർമ്മടം, തലശ്ശേരി തുടങ്ങിയ എട്ട് സ്റ്റേഷനുകളിൽ പല പദവികളിലായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സേവനജീവിതത്തിൽ ലഭിച്ച നേട്ടങ്ങളിലൊന്നാണ് പ്രശസ്ത വ്യക്തികളുമായുള്ള പരിചയവും സുഹൃത്ത് ബന്ധവും. ഇപ്പോഴത്തെ ചെന്നൈ ഗവർണർ ആർ എൻ രവി കണ്ണൂർ ജില്ല പോലിസ് സൂപ്രണ്ട് ആയിരുന്ന സമയത്ത് അദ്ദേഹത്തിന്റെ പേഴ്സണൽ സ്ക്വാഡിന്റെ ലീഡറായി പ്രവർത്തിക്കാൻ കഴിഞ്ഞത് തന്റെ ജീവിതത്തിലെ അഭിമാനകരമായ മുഹൂർത്തമായി പി വി സെബാസ്റ്റ്യൻ കരുതുന്നു.

‘സേവന സമയത്ത് ഒരുപാട് വലിയ വ്യക്തിത്വങ്ങളുമായി സംവദിക്കാൻ സാധിച്ചിട്ടുണ്ട്. അതിലൊന്നാണ് തലശ്ശേരി മ്യൂസിക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുപ്പതാം വാർഷികത്തിൽ സംഗീതാചാര്യൻ പി കെ രാഘവൻ മാഷിനൊപ്പം ഒരു വിശിഷ്ട വ്യക്തിയായി വേദി പങ്കിടാൻ സാധിച്ചത്’. പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു.

1997 മുതൽ റിട്ടയർ ചെയ്യുന്നതു വരെയുള്ള ആറ് വർഷം തലശ്ശേരി ട്രാഫിക്ക് എസ് ഐയായി സേവനമനുഷ്ഠിച്ചു. ഗതാഗത കുരുക്കിനുപേരുകേട്ട തലശ്ശേരി നഗരത്തെ റോഡ് ഡിവൈഡറുകൾ, ട്രാഫിക്ക് സിഗ്നലുകൾ, ട്രാഫിക്ക് ഐലന്റുകൾ എന്നിവയുടെ സഹായത്തോടെ ഒരു പരിധിവരെ കുരുക്കഴിക്കാൻ ഇദ്ദേഹത്തിനു സാധിച്ചു. തിരക്കേറിയ നഗരത്തിലൂടെ വാഹനങ്ങൾ ചീറിപ്പാഞ്ഞു പോകുമ്പോൾ വഴിമുറിച്ചു കടക്കാൻ വഴിയാത്രക്കാരെ സഹായിക്കുന്നത് വളരെ ആശ്വാസം നൽകുന്ന കാര്യമായിരുന്നു. പോലിസ് എന്നുകേട്ടാൽ ഭയന്നു മാറുന്നവരിൽ നിന്നു സ്ക്കൂളിലേക്കു പോകുന്ന വഴി പോലിസ് അങ്കിളിനു ടാറ്റ കൊടുക്കാൻ കാത്തുനിന്നിരുന്ന, ഓടിവന്നു കെട്ടിപ്പിടിച്ചു വർത്തമാനം പറഞ്ഞിരുന്ന കുരുന്നുകൾ ഒരു മധുര ഓർമ്മയാണ്’. പി വി സെബാസ്റ്റ്യനെന്ന പഴയ ട്രാഫിക്ക് പോലീസുകാരൻ ഓർത്തെടുത്തു.

1948 ൽ കോട്ടയം ഏറ്റുമാനൂരിൽ പീടികയിൽ വർക്കി ത്രേസ്യാമ ദമ്പതികളുടെ മകനായി ജനിച്ച പി വി സെബാസ്റ്റ്യൻ ഇപ്പോൾ പെൻഷനേഴ്സ് സംഘടനയിൽ പ്രവർത്തിച്ചു വരുന്നു. ഭാര്യ അച്ചാമ്മ. നിധി, നിഖിൽ, നിഷ എന്നിവരാണ് മക്കൾ.

# ഗൂർഖ ജീപ്പ് കരിക്കോട്ടക്കരിയിലും

**ജോജോ കെ ജെ**




കരിക്കോട്ടക്കിരി പോലീസ് സ്റ്റേഷനിലും ഇനി ഗൂർഖ ജീപ്പ്. കേരളത്തിലെ നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിലേയും ഉയർന്ന പ്രദേശങ്ങളിലേയും 49 പോലീസ് സ്റ്റേഷനുകളിലേക്കാണ് ഫോഴ്സ് കമ്പനിയുടെ ഗൂർഖ ജീപ്പുകൾ അനുവദിച്ചിരിക്കുന്നത്. ഓഫ് റോഡ് പട്രോളിങ്ങിനായി നിർമ്മിച്ചിരിക്കുന്ന ഫോർവീൽ ഡ്രൈവ് ജീപ്പുകൾ കണ്ണൂർ ജില്ലയിൽ കരി ക്കോട്ടക്കിരി ഉൾപ്പെടെ 5 സ്റ്റേഷനു കളിൽ ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ, പോലീസ് നവീകരണ പദ്ധതി എന്നിവ പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ചാണ് കേരള പോലീസ് വാഹനം വാങ്ങിയിരിക്കുന്നത്. നിലവിൽ ഉപയോഗിക്കുന്ന ബൊലേറൊയേക്കാൾ കൂടുതൽ സവിശേഷതകളുള്ള ഈ ഏസി എസ് യു വിക്ക് വിപണിയിൽ 13.25 ലക്ഷം രൂപ വിലയുണ്ട്. മലയോര മേഖലയിലെ ദുർഘടപാതകൾ താണ്ടാൻ ഏറ്റവും അനുയോജ്യമായ രീതിയിലാണ് ഇതിന്റെ നിർമ്മാണം. ലോക്കിങ് ഡിഫറൻഷ്യലുകളുള്ള ഫോർവീൽ ഡ്രൈവ് ജീപ്പ് മണലിലും, ബോണറ്റുവരെ വെള്ളത്തിലും അനായാസം ഓടിക്കാൻ സാധിക്കുന്നു. മഹിന്ദ്ര ക്ലാസിക്ക്, ഇൻവേഡർ, ബൊലേറൊ എന്നിവയായിരുന്നു മുൻപ് ഉപയോഗിച്ചിരുന്നത്.

# ഓഫ്‌ലൈൻ പരീക്ഷക്ക് ഒരുങ്ങി വിദ്യാർത്ഥികൾ

**ആര്യ പ്രസന്നകുമാർ**

അങ്ങാടിക്കടവ്: രണ്ടുവർഷത്തിനു ശേഷം ഓഫ്‌ലൈൻ പരീക്ഷയെഴുതി പത്താംതരം വിദ്യാർത്ഥികൾ. കോവിഡ് വ്യാപനത്തെ തുടർന്ന് എട്ടിലേയും ഒൻപതിലേയും വാർഷിക പരീക്ഷകൾ എഴുതാതെയാണ് പത്താംതര പരീക്ഷയെ വിദ്യാർത്ഥികൾ നേരിടുന്നത്. മാർച്ച് 31 മുതൽ ഏപ്രിൽ 29 വരെ നടക്കുന്ന പൊതുപരീക്ഷയ്ക്ക് മുന്നോടിയായി മോഡൽ, മുകുളം, പ്രീടെസ്റ്റുകൾ തുടങ്ങി വിവിധ തരത്തിലുള്ള പരിശീലന പരീക്ഷകൾ സ്കൂൾതലത്തിൽ നടത്തിയിരുന്നു.

‘അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്കൂളിൽ നിന്ന് 112 വിദ്യാർത്ഥികളാണ് പത്താതരം വാർഷിക പരീക്ഷ എഴുതുന്നത്. പ്രീടെസ്റ്റുകളും മറ്റു പരീക്ഷകളും വിദ്യാർത്ഥികളിൽ ആത്മവിശ്വാസം പകർന്നിട്ടുള്ളതായി കാണാൻ സാധിക്കുന്നു’. ഹെഡ്മാസ്റ്റർ ഫാദർ എ വി കുര്യാക്കോസ് പറഞ്ഞു.

‘കോവിഡ് കാരണം എട്ടാം തരത്തിലെ ഓണം, ക്രിസ്തുമസ് പരീക്ഷകൾക്ക് ശേഷം വിദ്യാർത്ഥികൾക്ക് ക്ലാസുകളും പരീക്ഷകളും ഓൺലൈൻ വഴിയായിരുന്നു നടത്തിയത്. അതിനാൽതന്നെ ഓഫ്‌ലൈൻ പരീക്ഷ എഴുതുന്നത് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. അതിനെ മറികടക്കാൻ പരിശീലന പരീക്ഷകൾ വഴി സാധിക്കുന്നു എന്നതിൽ സന്തോഷമുണ്ട്’. സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ അധ്യാപിക പി എ റോസമ്മ പറഞ്ഞു.

‘രണ്ടു കൊല്ലമായി പരീക്ഷ എഴുതാത്തതിനാൽ ആദ്യം ഭയം തോന്നിയിരുന്നു. അധ്യാപകരുടെയും വീട്ടുകാരുടെയും പ്രചോദനവും മാതൃക പരീക്ഷകളുമായിരുന്നു ധൈര്യം നൽകിയത്’. പത്താതരം വിദ്യാർത്ഥിനി മേഘ്ന മനോജ് പറഞ്ഞു.

‘പരീക്ഷകൾക്കിടയിലെ ഇടവേളകൾ പഠനത്തിന് സഹായകരമാണ്. പിന്നെ ആദ്യ പരീക്ഷ മലയാളം ആയതിനാൽ എളുപ്പമായിരുന്നു. പരീക്ഷാഭയം കുറയ്ക്കാൻ അത് സഹായിച്ചു’. പത്താതരം വിദ്യാർത്ഥിനി ലിയ ജോൺസൺ പറഞ്ഞു.

## അറിയിപ്പ്

ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിലെ എം ജി എൻ ആർ ഇ ജി എസ് പദ്ധതിയിൽ ഒരു അക്കൗണ്ടന്റ് കം ഐടി അസിസ്റ്റന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള Walk in Interview 07/04/2022 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് നടക്കുന്നതാണ്.

യോഗ്യത : Bcom with PGDCA

കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടുക ഫോൺ നം. 04902491240

# സേവനങ്ങളെല്ലാം ഇനി ഒരു കുടക്കീഴിൽ

**എലിസബത്ത് റ്റി സാബു**

അങ്ങാടിക്കടവ്: കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ അയ്യൻകുന്ന് പഞ്ചായത്തിൽ സജ്ജമായി. ഇൻഫോർമേഷൻ കേരള മിഷൻ (IKM) വികസിപ്പിച്ച ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്) എന്ന സമഗ്ര സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്.

നിലവിൽ സേവന സോഫ്റ്റ്‌വെയറിലൂടെ ജനന/മരണ/വിവാഹ രജിസ്ട്രേഷനുകളിൽ വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷയും പേര് ചേർക്കലിനുള്ള അപേക്ഷയും മാത്രമാണ് സാധ്യമാകുന്നത്. അവ ഇ-ഫയൽ ചെയ്താലും രേഖകളൊക്കെ നേരിട്ട് ഹാജരാക്കേണ്ടതുണ്ട്. എന്നാൽ പുതിയ സോഫ്റ്റ്‌വെയർ നിലവിൽ വരുന്നതോടെ ജനന/മരണ/വിവാഹ രജിസ്ട്രേഷൻ, പേര് ചേർക്കൽ, തിരുത്തൽ തുടങ്ങി എല്ലാവിധ സേവനങ്ങൾക്കും നേരിട്ട് ഹാജരാകാതെ തന്നെ അപേക്ഷ അയക്കാനാവും സേവനങ്ങൾ സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാകും. ഉപഭോക്താവിന് ആവിശ്യമായ രേഖകൾ ഇ-മെയിലായും ജീവനക്കാർക്ക് സ്ഥാപനങ്ങളിലെ ഫയലുകൾ വെബ്സൈറ്റു വഴിയും ലഭിക്കുന്ന സംവിധാനവും ഈ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതതു വിഷയം കൈകാര്യം ചെയ്യുന്ന വിദഗ്ധരായ ജീവനക്കാരുടെ സേവനം ഉൾപ്പെടുത്തിയിട്ടുള്ള സോഫ്റ്റ്‌വെയറിൽ നിന്ന് എല്ലാ ജീവനക്കാർക്കും അവരുടെ പെൻ (PEN) നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയും.

വിവിധ സോഫ്റ്റ്‌വെയറുകൾ വഴി ചെയ്തിരുന്ന എല്ലാ സേവനങ്ങളും ഒരു പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ പഞ്ചായത്തുകളിൽ 2020ൽ നടപ്പാക്കി തുടങ്ങിയ പദ്ധതി കഴിഞ്ഞ സെപ്റ്റംബറോടെയാണ് പ്രവർത്തനസജ്ജമായത്. ഏപ്രിൽ 1 വെള്ളിയാഴ്ച മുതൽ ഐ.എൽ.ജി.എം.എസ്-ന്റെ എല്ലാ സേവനങ്ങളും നമ്മുടെ പഞ്ചായത്തിലും ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു



നിങ്ങളുടെ സ്വപ്ന ഭവനം പൂവണിയാൻ...

- ബിൽഡിംഗ് പ്ലാൻ & പെർമിറ്റ്
- 2D & 3D എലവേഷൻ
- ഇന്റീരിയർ ഡിസൈനിംഗ്
- എസ്റ്റിമേറ്റ്
- റെനവേഷൻ
- ഓൺലൈൻ വർക്സ്
- കൺസ്ട്രക്ഷൻസ്
- വാസ്തു
- ലാൻഡ്സ്കേപ്പിംഗ്
- സൂപ്പർവിഷൻ
- പ്ലാസ്റ്ററിംഗ് & പെയിന്റിംഗ്
- കിച്ചൺ വർക്സ്
- വുഡൻ വർക്സ്
- ഫുൾ ഫിനിഷിംഗ് വർക്സ്

BJ BUILDERS

Ph: 9746 297 073, 9744 480 440, 9778 533 088 (കുന്നോത്ത് ഓഫീസ്), 7306 505 588 (അങ്ങാടിക്കടവ് ഓഫീസ്)

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: സോണറ്റ് മാത്യു, അനിൽ തോമസ് നല്ലൂർ. | എഡിറ്റർ ഇൻ ചാർജ്: റിം താഹി നാബം | സബ് എഡിറ്റേഴ്സ്: എലിസബത്ത് റ്റി സാബു, നയന എം നായർ, ആര്യ പ്രസന്നകുമാർ, ശാനിബ ടി, സെബിമോൾ കെ വർഗീസ്, ജോജോ കെ ജെ, അനഘ കെ ടി | ഫോട്ടോഗ്രഫേഴ്സ്: ജോജോ കെ ജെ | ഡിസൈൻ: എലിസബത്ത് റ്റി സാബു